**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2970** **12-07-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | ഉൾനാടൻ മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. പൊതു കുളങ്ങളിലെ മത്സ്യകൃഷി: കുന്നത്തുനാട് താലൂക്കിലെ 170 കുളങ്ങളിലായി 25.46 ഹെക്ടർ ഏരിയയിൽ 127300 കാർപ്പ് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്.

2. ജനകീയ മത്സ്യകൃഷി

(എ) ശുദ്ധജല മത്സ്യകൃഷി: പദ്ധതി പ്രകാരം 24 മത്സ്യകർഷകർക്ക് 2.06 ഹെക്ടർ ഏരിയയിൽ മത്സ്യകൃഷി നടത്തിയ ഇനത്തിൽ 30564/- രൂപ സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്.

(ബി) സബ്സീക്വൻറ് മത്സ്യകൃഷി: പദ്ധതി പ്രകാരം 3 മത്സ്യകർഷകർക്ക് 1.86 ഹെക്ടർ ഏരിയയിൽ മത്സ്യകൃഷി നടത്തിയ ഇനത്തിൽ 105600/- രൂപ സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്.

(സി) എക്സ്റ്റൻസീവ് കാർപ്പ് കൾച്ചർ: പദ്ധതി പ്രകാരം 52 മത്സ്യകർഷകർക്ക് 2.32 ഹെക്ടർ ഏരിയയിൽ മത്സ്യകൃഷി നടത്തിയ ഇനത്തിൽ സൗജന്യമായി മത്സ്യവിത്ത് വിതരണം നടത്തിയിട്ടുണ്ട്.

(ഡി) റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS) 50 $m^{3}$: പദ്ധതി പ്രകാരം 6 മത്സ്യകർഷകർക്ക് 50 $m^3$ ന്റെ RAS മത്സ്യകൃഷി പദ്ധതി നടത്തിയ ഇനത്തിൽ 6.82 ലക്ഷം രൂപ സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്.

3. PMMSY

(എ) ബയോഫ്ളോക്ക് :- പദ്ധതി പ്രകാരം ഒരു മത്സ്യകർഷകന് 160 $m^3$ ന്റെ ബയോഫ്ളോക്ക് മത്സ്യകൃഷി പദ്ധതി നടത്തിയ ഇനത്തിൽ 54000/- രൂപ സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്.

(ബി) കൂട് മത്സ്യകൃഷി:- പദ്ധതി പ്രകാരം 7 മത്സ്യകർഷകർക്ക് 3,10,255/- രൂപ സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്.

4. റാഞ്ചിംഗ്

ടി പദ്ധതി പ്രകാരം ഐക്കരനാട് ഗ്രാമപഞ്ചായത്തിൽ പെരുവം മൂഴിക്കടവിൽ 4 ലക്ഷം കാർപ്പ് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു. 2,53,950/- രൂപ റാഞ്ചിംഗ് നടത്തിയ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

5. ജില്ലാ പഞ്ചായത്ത് പദ്ധതികൾ

ജില്ലാ പഞ്ചായത്ത് പദ്ധതിയായ പടുതാക്കുളം മത്സ്യകൃഷി പ്രകാരം 4 മത്സ്യകർഷകർക്ക് പദ്ധതി നടത്തിയ ഇനത്തിൽ 65600/- രൂപ സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്.

### 1. <u>മത്സ്യഫെഡ്</u>

19/01/2022 മുതൽ കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ നെല്ലാട് പ്രവർത്തിച്ചു വരുന്ന നെല്ലാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൻറെ കീഴിൽ, മത്സ്യഫെഡിന്റെ ഒരു ഫ്രാഞ്ചൈസി ഫിഷ്മാർട്ട്

പ്രവർത്തിച്ചു വരുന്നുണ്ട്. ഈ ഫിഷ്മാർട്ടിലൂടെ പൊതുജനങ്ങൾക്ക് ഏറ്റവും ഗുണനിലവാരമുള്ള മത്സ്യവും, മത്സ്യഉത്പന്നങ്ങളും ന്യായവിലയ്ക്ക് വിതരണം ചെയ്തു വരുന്നു.

## 2. <u>സാഫ്</u>

2022-23 വർഷത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ), ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (JLG) പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ വരെ ഗ്രാന്റ് (ഒരംഗത്തിന് ഒരു ലക്ഷം രൂപ) അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. 2022-23 വർഷത്തിൽ മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വിവിധങ്ങളായ 150-300 ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നുണ്ട്.

തലച്ചുമടായി മത്സ്യം വിൽക്കുന്ന സ്ത്രീകൾ, പീലിംഗ്, മത്സ്യ അനുബന്ധ മേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് JLG പദ്ധതി നടപ്പിലാക്കുന്നു. 5 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് 50000/- രൂപ (ഒരംഗത്തിന് 10000/- രൂപ വീതം) പ്രവർത്തന മൂലധനമായി പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു. 2022-23 വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 100 JLG യൂണിറ്റുകൾ ആരംഭിക്കുന്നുണ്ട്.

ഈ സാമ്പത്തിക വർഷത്തിൽ ഡി.എം.ഇ, JLG പദ്ധതികൾ നടപ്പിലാക്കുന്നതിനായി എറണാകുളം ജില്ലയിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്.